# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.

Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 13-03-2013

## വി എച്ച് എസ് ഇ സ്ഥലംമാറ്റ ഉത്തരവ് പിൻവലിക്കണം
### കെ.എസ്.ടി.എ

വൊക്കേഷണൽ ഹയർസെക്കന്ററിയിൽ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ച ഡയറക്ടറുടെ നടപടി പിൻവലിക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2010 ലെ അധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവിലെ പ്രധാനപ്പെട്ട വ്യവസ്ഥയാണ് ലംഘിച്ചിരിക്കുന്നത്. അപേക്ഷിക്കുന്നവരെയല്ലാതെ സ്ഥലംമാറ്റാൻ പാടില്ലെന്നാണ് നിലവിലുള്ള വ്യവസ്ഥ. മൂന്ന് വർഷം തികയുന്ന അധ്യാപകരെ സ്ഥലംമാറ്റാണ് ഇപ്പോൾ ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മാനദണ്ഡങ്ങളെ ലംഘിക്കുന്ന ഈ നിർദ്ദേശം അധ്യാപകരെ തോന്നുന്നതുപോലെ മാറ്റാനുള്ള നീക്കത്തിന്റെ ഭാഗമാണ്. ഇത് അഴിമതിക്ക് വഴിയൊരുക്കും. മൂന്ന് വർഷത്തിലധികം സർവീസുള്ള അധ്യാപകരാണ് പ്രിൻസിപ്പാൾമാരുടെ ചുമതല വഹിക്കുന്നത്. സ്കൂളുകളുടെ പ്രവർത്തനങ്ങളെ അവതാളത്തിലാക്കുന്ന ഇത്തരം നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ല.

ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ എസ് ടി എ നേതൃത്വത്തിൽ നാളെ ഡയറക്ടറേറ്റിന് മുന്നിൽ അധ്യാപകർ ധർണ നടത്തും.

എം. ഷാജഹാൻ
ജനറൽ സെക്രട്ടറി